പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5673 — 02-07-2014 - ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) വയനാട് ജില്ലയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ നിലവിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിച്ച് വരുന്നുണ്ട്. ഈ വർഷം അനുമതി നൽകിയ അഞ്ച് ചെക്ക്ഡാമുകളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; | (ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ 2014-15 വർഷത്തേക്ക് 21,66,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) വയനാട്ടിലെ ഭൂപ്രകൃതിക്ക് അനുയോജ്യമായ വിധത്തിൽ ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ? | (സി) സൈറ്റ് കണ്ടിഷനനുസരിച്ച് പഠനം നടത്തിയാണ് ജലസ്രോതസ്സുകളിൽ എല്ലാ ചെക്ക് ഡാമുകളും നിർമ്മിക്കുന്നത്. |

സെക്ഷൻ ഓഫീസർ.